**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2716** **13-12-2022 - ൽ മറുപടിയ്ക്ക്**

**കെ.എസ്.എഫ്.ഇ. ലോൺ തിരിച്ചടവിന് സാവകാശം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.എഫ്.ഇ.-യിൽ നിന്ന് വായ്പ എടുത്തവർക്ക് കോവിഡ് സാഹചര്യത്തിൽ തിരിച്ചടവിന് ഇളവ് അനുവദിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | ഇളവ് അനുവദിച്ചിട്ടുണ്ട്. കോവിഡ് സാഹചര്യത്തിൽ വായ്പാ കുടിശ്ശിക തിരിച്ചടവിന് സർക്കാർ അനുമതിയോടെ 'ആശ്വാസ്-2020', 'ആശ്വാസ്-2021' എന്നീ ഒറ്റത്തവണതീർപ്പാക്കൽ പദ്ധതികൾ പ്രകാരം കുടിശ്ശിക ആരംഭിച്ച തീയതിയെ അടിസ്ഥാനമാക്കി പരമാവധി 90% വരെ പലിശയിളവ് അനുവദിച്ചിരുന്നു. |
| (ബി) | പ്രസ്തുത സ്ഥാപനത്തിൽ നിന്നും എടുത്ത വായ്പകൾക്ക് പലിശയും പിഴപ്പലിശയും ഒഴിവാക്കുന്ന പദ്ധതി നിലവിലുണ്ടോ; ഇല്ലെങ്കിൽ അത്തരം പദ്ധതികൾ നടപ്പിലാക്കുമോയെന്ന് വ്യക്തമാക്കാമോ; | (ബി) | ഇപ്പോൾ പദ്ധതി നിലവിലില്ല. അത്തരം പദ്ധതി നടപ്പിലാക്കുന്നത് പരിഗണനയിലില്ല. |
| (സി) | വായ്പാതിരിച്ചടവ് കുടിശ്ശിക വരുത്തിയവർക്ക് റവന്യൂ റിക്കവറി ഒഴിവാക്കി തിരിച്ചടവിന് കൂടുതൽ സാവകാശം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (സി) | നിലവിൽ 36 തവണയിലധികം മുടക്കം വരുത്തിയതും അനുബന്ധ അക്കൗണ്ടുകളിലുമാണ് ആർ ആർ നടപടികൾ സ്വീകരിച്ചുവരുന്നത്. പരിഗണനാർഹമായ ഫയലുകളിൽ സാവകാശം അനുവദിച്ചു നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ